# PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

SECOND SESSION—1950

Wednesday, *the 8th November 1950*

VOL. I] OFFICIAL REPORT [No. 17


The Assembly met in the Legislative Chamber, Trivandrum, at 11 of the clock on Wednesday, the 8th November 1950, with Mr. Speaker in the Chair.

## QUESTIONS AND ANSWERS

[The number within brackets indicate the number in the list of admitted questions for the day.]

### Oral Answers

#### ഇൻഡ്യാ ഗവണ്മെണ്ട് ആഫീസുകൾ

*൯൧൩. (൨) ശ്രീ. പി. നാണു: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) ഇൻഡ്യാ ഗവണ്മെണ്ടിന്റെ എതെല്ലാം ആഫീസുകൾ നമ്മുടെ ഗവണ്മെണ്ടുവക കെട്ടിടങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്;

(ബി) എന്തു വ്യവസ്ഥയിന്മേലാണ് ഈ കെട്ടിടങ്ങൾ ആഫീസുകൾക്ക് ഉപയോഗിക്കുന്നത്?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള:)

(എ) ൧. മിലിട്ടറി, ൨. അജ്മൽ (എജൻസി ബേസിസ്സിൽ) ൩. എക്സൈസ് ആൻഡ് കസ്റ്റംസ്, ൪. അക്കൌണ്ട്സ് ആൻഡ് ആഡിറ്റ്, ൫. സിവിൽ ഏവിയേഷൻ, ൬. ബ്രോഡ്കാസ്റ്റിംഗ് സ്റ്റേഡിയൊ, ൭. മെപ്സർവേ റ്റോറി, ൮. ഡയറക്ടർ ആഫ് ആർക്കിയോളജി, ൯. രജിസ്ട്രാർ ആഫ് ജായിൻറ് സ്റ്റാക്ക് കമ്പനീസ് മുതലായ ആഫീസ്സുകൾ.

(ബി) ഫെഡറൽ ഡിപ്പാർട്ട്മെണ്ട് ആഫീസ്സുകൾക്ക മാത്രമായി ഉപയോഗിക്കുന്ന കെട്ടിടങ്ങൾ എല്ലാം ൧—൪—൫൰ മുതൽ ഇൻഡ്യാ ഗവണ്മെണ്ട് അധീനതയിൽ വരുന്നതാണ്. റെൻറ് കൊടുത്തിരുന്ന കെട്ടിടങ്ങൾക്ക് ഇൻഡ്യാ ഗവണ്മെണ്ട് നേരിട്ട് റെൻറ് കൊടുക്കുന്നതാണ്. ഇൻഡ്യാഗവണ്മെണ്ട് ആഫീസ്സും, സ്റ്റേറ്റ് ഗവണ്മെണ്ട് ആഫീസ്സും ഉള്ള കെട്ടിടങ്ങളിൽ രണ്ടു ഗവണ്മെണ്ടും ആലോചിച്ചു തീരുമാനിക്കുന്ന വ്യവസ്ഥയനുസരിച്ച് ആഫീസ്സുകൾ നടത്തുന്നു.

ശ്രീ. പി. നാണു: ഫെഡറൽ ആഫീസ്സുകൾക്കല്ലാതെ ഇൻഡ്യാഗവണ്മെണ്ടിനു് കെട്ടിടങ്ങൾ വിട്ടുകൊടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: വിട്ടുകൊടുത്തിട്ടില്ല.




LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. നാണു: ഫെഡറൽ ആഫീസുകൾക്കല്ലാതെ കെട്ടിടങ്ങളും ഉപയോഗിക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ആർമി ആഫീസുകൾക്കായി വാടകയ്ക്കു കൊടുത്തിട്ടുണ്ട്.

ശ്രീ. പി. നാണു: ഇൻഡ്യാ ഗവൺമെണ്ടിൽനിന്നും ആണോ ആ കെട്ടിടങ്ങൾ വാടകയ്ക്കു് എടുത്തിട്ടുള്ളതു്?

ശ്രീ. ടി. കെ. നാരായണപിള്ള: ഇൻഡ്യാ ഗവൺമെണ്ടിൽനിന്നുമല്ല. ആ ഡിപ്പാർട്ടുമെണ്ടു മേധാവികൾ മുന്നേരണ്ടു കെട്ടിടങ്ങൾ വാടകയ്ക്കു് എടുത്തിട്ടുണ്ടു്.

ശ്രീ. പി. നാണു: ഈ ഗവൺമെണ്ടിന്റെ ആവശ്യത്തിലേയ്ക്കു കെട്ടിടങ്ങൾ തികഞ്ഞിട്ടില്ലെന്നുള്ള വിവരം ഇൻഡ്യാ ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ കൊണ്ടുവന്നിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെയുള്ള കെട്ടിടങ്ങൾ അല്ല, ഫെഡറൽ ആവശ്യത്തിനായി നടത്തുന്ന ആഫീസുകളാണു്.

ശ്രീ. പി. നാണു: ഇൻഡ്യാ ഗവൺമെണ്ടിൽനിന്നും എത്ര രൂപാ വാടകയായി നമുക്കു കിട്ടുന്നുണ്ടു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. പി. നാണു: എതെല്ലാം കെട്ടിടങ്ങൾക്കാണു് വാടക കിട്ടുന്നതെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതും ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

## ബോപാൽ കടപ്പത്രങ്ങൾ

*൯൫൪. (൯) ശ്രീ. കണ്ണാ ഗോപാലപണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഫൈനാൻസു മന്ത്രി സദയം മറുപടി നല്കുമോ.—

(എ) ബോപാൽ ഇൻഡ്യൻ യൂണിയനിൽ ചേരുന്നതിനു മുമ്പേ ബോപാൽ നവാബു പുറപ്പെടുവിച്ചിരുന്ന കടപ്പത്രങ്ങളുടെ ഉത്തരവാദിത്വം ഇൻഡ്യാ ഗവൺമെണ്ടു് ഏറ്റെടുത്തിരിക്കുന്നതായി വല്ല അറിയിപ്പും തിരുവിതാംകൂർ–കൊച്ചി ഗവൺമെണ്ടിനു കിട്ടിയിട്ടുണ്ടോ;

(ബി) സർ സി. പി. രാമസ്വാമി, ബോപാൽ നവാബു പുറപ്പെടുവിച്ച ലോണിൽ ൨൫ ലക്ഷം രൂപാ നിക്ഷേപിച്ചിരുന്നതു് ഇപ്പോൾ തിരിച്ചു കിട്ടുവാൻ മാർഗ്ഗമുണ്ടെന്നു ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ;

(സി) ആ സംഖ്യ തിരിച്ചു കിട്ടുന്നതു സംബന്ധിച്ചു് എന്തെങ്കിലും നടപടി നടത്തിയിട്ടുണ്ടോ; എന്തെല്ലാം?

ധനകാര്യവും റെവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ:)

(എ) ഇൻഡ്യൻ ഭരണഘടനയിൽ ബോപാൽ സംസ്ഥാനത്തെ പാർട്ടു് "സി" സംസ്ഥാനങ്ങളുടെ കൂട്ടത്തിലാണു് ഉൾപ്പെടുത്തിയിരിക്കുന്നതു്. പ്രസ്തുത സംസ്ഥാനത്തിന്റെ ഭൂണബാധ്യത കേന്ദ്രഗവൺമെണ്ടിന്റെ ചുമതലയാണു്.

(ബി) ൨൫ ലക്ഷം രൂപയുടെ മുഖവിലയുള്ള ബാണ്ടുകൾ ഗവൺമെണ്ടിനെ കൈവശം ഉണ്ടു്. ബാണ്ടിന്റെ കാലാവധി ൧൯൫൨–ൽ അവസാനിക്കുമ്പോൾ മുടക്കിയ തുക തിരിച്ചു കിട്ടുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly